LIBRARY ARCHIVES Kerala Legislative Assembly

3418 റാങ്ക് ലിസ്റ്റുകൾ മാത്രമായിരുന്ന പ്രസിദ്ധപ്പെടുത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 161,361 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. അതിനുമുമ്പുള്ള യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 154,384 നിയമന ശിപാർശകൾ നൽകിയെങ്കിലും അതിലുൾപ്പെട്ട 4031 പേർക്ക് എൽ.ഡി.എഫ്. സർക്കാരാണ് നിയമനങ്ങൾ നൽകിയത്. നിയമനങ്ങൾ പരമാവധി പി.എസ്.സി. മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ നയം. കോവിഡ് വ്യാപനം കാരണം മാറ്റിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറഞ്ഞാലുടനെ പുനരാരംഭിക്കാൻ പി.എസ്.സി. നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുകയും ചെയ്യുകയെന്നുള്ളത് സർക്കാരിന്റെ നയമല്ല. റാങ്ക് ലിസ്റ്റുകളിൽനിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ അവയുടെ കാലാവധി ദീർഘിപ്പിച്ചുനൽകേണ്ട സാഹചര്യം നിലവിലില്ല.

2. തീരദേശ പരിപാലന നിയമത്തിൽ ഇളവ്

ശ്രീ. എം. രാജഗോപാലൻ: സർ, കായലിനും കടലിനുമിടയിൽ 25 മീറ്റർ മുതൽ 500 മീറ്റർ വരെ വീതിയിലും 24 കിലോമീറ്റർ നീളത്തിലും നിലകൊള്ളുന്ന ദ്വീപ് ഗ്രാമമാണ് തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്ത്. സസ്യമേഖലയിലും മത്സ്യമേഖലയിലും ജൈവവൈവിധ്യങ്ങൾ നിറഞ്ഞ വലിയപറമ്പ് സംസ്ഥാനത്തുതന്നെ ഏറ്റവും കടലേറ്റ ഭീഷണിയുള്ള ഒരു പഞ്ചായത്തുകൂടിയാണ്. തീരദേശ പരിപാലന നിയമം ഇവിടെ വലിയ കുരുക്കായി മാറിയിരിക്കുകയാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളും ഹൗസ്ബോട്ടുകളുമുള്ള ഇവിടം ടൂറിസം മേഖലയ്ക്ക് ഏറെ സാധ്യതയുണ്ടെങ്കിലും തീരദേശ പരിപാലന നിയമത്തിൽ കുരുങ്ങി ഒരു നിർമ്മാണ പ്രവൃത്തിയും നടത്താൻ കഴിയാത്ത നിലയിൽ സങ്കീർണ്ണമാണ്. ജനങ്ങളുടെ നിത്യ ജീവിതത്തെത്തന്നെ പ്രതിസന്ധിയിലാക്കുംവിധം ലൈഫ് പദ്ധതിയിലുൾപ്പെടെയുള്ള ഭവനനിർമ്മാണങ്ങളും ഇതുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. വീട് നിർമ്മിക്കുന്നതിന് വായ്പ തേടിയെത്തുന്നവർക്ക് CRZ (Coastal Regulation Zone) നിയമത്തിന്റെ വെളിച്ചത്തിൽ റവന്യൂ, പഞ്ചായത്ത് അധികൃതരുടെ അനുമതി ലഭിക്കാത്തതും ജനങ്ങളിൽ വലിയ പ്രതിഷേധം ഉളവാക്കിയിരിക്കുകയാണ്. വീടുകൾക്ക് നമ്പർ ലഭിക്കാത്ത സ്ഥിതിയുമുണ്ട്. തീരദേശ പരിപാലന നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായി ഭൂമിശാസ്ത്രഘടന പരിഗണിച്ച് ഈ ദ്വീപ് പഞ്ചായത്തിനെ ഉൾനാടൻ ദ്വീപ് സമൂഹത്തിലോ തീരദേശ ദ്വീപിലോ ഉൾപ്പെടുത്തണമെന്നാണ് ഇവിടത്തെ ജനങ്ങളുടെ ആവശ്യം. ഈ വിഭാഗത്തിലുൾപ്പെട്ടാൽ സമുദ്രതീരത്തുനിന്നും 20 മീറ്റർ പരിധിവരെ നിർമ്മാണങ്ങൾക്ക് ഇളവ് ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. CRZ III (B)-യിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്താനുള്ള നിർദ്ദേശമാണ് കരട് റിപ്പോർട്ടിലുള്ളത്. ഭേദഗതി നിർദ്ദേശത്തിൽ ഇളവ് ലഭിച്ചില്ലെങ്കിൽ ഇവിടെ ഒരു നിർമ്മാണപ്രവർത്തനവും നടത്താൻ കഴിയാത്ത അവസ്ഥയുണ്ടാകും. വിനോദസഞ്ചാര ഭൂപടത്തിൽ ഇടംപിടിച്ച ടൂറിസം വില്ലേജുകൂടിയായ വലിയപറമ്പ് പഞ്ചായത്തിൽ സഞ്ചാരികളെ ആകർഷിക്കുംവിധം കായൽ ടൂറിസം വിപുലപ്പെടുത്തുന്നതിന് സ്വാഭാവികമായും കൂടുതൽ നിർമ്മാണങ്ങൾ നടത്തേണ്ടി വരും. നിലവിൽ ഒരു ടൂറിസം പ്രവർത്തനവും നടത്താൻ കഴിയാത്ത സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. ജനങ്ങൾക്ക് വീട് വയ്ക്കാനും മറ്റ് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള സാഹചര്യവും നിഷേധിക്കപ്പെടുകയാണ്. ഇതെല്ലാം കണക്കിലെടുത്ത് വലിയപറമ്പ് പഞ്ചായത്തിന് തീരദേശ പരിപാലന നിയമത്തിൽ ഇളവ് നൽകാൻ ആവശ്യമായ നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സർക്കാരിനോടും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു പഞ്ചായത്തിന്റെ പ്രശ്നമാണെങ്കിലും കേരളത്തെ ബാധിക്കുന്ന ഗൗരവമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്രസർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്തിന് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണമേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും

LIBRARY ARCHIVES Kerala Legislative Assembly

ശിപാർശകളും പരിഗണിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ, വിവിധ സ്റ്റേക്ക് ഹോൾഡേഴ്സ് പ്രാതിനിധ്യം എന്നിവകൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ.

വിദഗ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. അതിൽ ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. ഫിഷറീസ് പ്ലാൻ ജൂലൈ 25-ന് ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്ന്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കരട് പ്ലാൻ നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് മാസം അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021-ന് സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. പൊക്കാളി നിലങ്ങളുൾപ്പെടെയുള്ള വയലുകളെല്ലാം നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിലൂടെ സംരക്ഷിക്കപ്പെട്ടവയായതിനാൽ അവ ആ നിലയിൽ തുടരുന്നതാണ്. 2019-ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം സ്വകാര്യമേഖലയിലെ കണ്ടലുകൾ ബഫർ സോൺ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അത്തരം പ്രദേശങ്ങളെ കോസ്റ്റൽ സോൺ മാനേജുമെന്റ് പ്രീ-ഡ്രാഫ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നാണ് ലഭിച്ചിട്ടുള്ള അഭിപ്രായം. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വലിയപറമ്പ് പ്രദേശം കരട് പ്ലാൻ പ്രകാരം CRZ III (B)-യിലാണ്. ഈ പഞ്ചായത്തിന് പുതിയ വിജ്ഞാപനപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി പരിശോധിക്കുന്നതാണ്.

3. സാംസ്കാരിക കേന്ദ്രം സ്ഥാപിക്കൽ

ശ്രീ. കെ. പി. മോഹനൻ: സർ, നമ്മുടെ നാടിന്റെ സാമൂഹ്യ- സാംസ്കാരിക ചരിത്രത്തിൽ എടുത്തുപറയേണ്ടവരായ വാഗ്ഭടാനന്ദ ഗുരു മുതൽ സംഗീത സമ്രാട്ട് രമേഷ് നാരായൺ വരെയുള്ള നിരവധി സാമൂഹ്യ- സാംസ്കാരിക-കലാരംഗത്തെ പ്രതിഭകളുടെ ജന്മംകൊണ്ട് ധന്യമായ നാടാണ് എന്റെ നിയോജകമണ്ഡലമായ